## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1361 — 21.03.2012-ലെ മറുപടിയ്ക്ക്

### മിൽമ ഡയറി ജീവനക്കാർക്കുള്ള ക്ഷേമനിധിയും പെൻഷനും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട മിൽമ ഡയറി ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗമാകവാൻ വ്യവസ്ഥയുണ്ട്. അപ്രകാരം കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗമായിട്ടുള്ള മിൽമ ഡയറി ജീവനക്കാർക്ക് ക്ഷേമനിധി ലഭിക്കുന്നുണ്ട്.<br>മിൽമ ഡയറി ജീവനക്കാർ നിലവിൽ ഇ.പി.എഫ്.-ന്റെ പരിധിയിലാണ്. ആയതിനാൽ മിൽമ ഡയറി ജീവനക്കാർക്ക് ഇ.പി.എഫ്. പദ്ധതി പ്രകാരമുള്ള പെൻഷനും ആനുകൂല്യങ്ങൾക്കുമാണ് അർഹതയുള്ളത്. |
| (ബി) ഇതര സമാന മേഖലകളിലെ ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുമ്പോൾ ഈ മേഖലയിലെ ജീവനക്കാർക്ക് ഇത് ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) മിൽമ ഡയറി ജീവനക്കാരെ സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെങ്കിൽ ടി സ്ഥാപനത്തെയും ജീവനക്കാരെയും ഇ.പി.എഫ്.-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതായിട്ടുണ്ട്. ആയതിലേക്ക് സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡുമായി ചേർന്ന് നടപടികൾ മിൽമ ഡയറക്ടർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ